"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ് - ബഹു.കണ്ണൂർ കുടുംബ കോടതിയുടെ CMP 281/2020 നമ്പർ കേസിന്മേലുള്ള ഉത്തരവ് പ്രകാരം കുടിശ്ശികക്കാരനിൽ നിന്നും ആർ.ആർ ഓൺലൈൻ പ്രകാരം വസൂലാക്കി വരവ് ശീർഷകത്തിൽ തെറ്റായി ഒടുക്കിയ തുക റീഫണ്ട് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

റവന്യൂ (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.919/2024/RD തീയതി,തിരുവനന്തപുരം, 11-03-2024

---

പരാമർശം:- ലാൻഡ് റവന്യൂ കമ്മീഷണറുടെ 08.12.2023 തീയതിയിലെ എൽആർ 12814/2023-FB(A9) നമ്പർ കത്ത്.

<u>ഉത്തരവ്</u>

ബഹു.കണ്ണൂർ കുടുംബ കോടതിയുടെ CMP 281/2020 നമ്പർ കേസിന്മേലുള്ള ഉത്തരവ് പ്രകാരം Distress Warrant dues ഇനത്തിൽ കുടിശ്ശികക്കാരനായ ശ്രീ.ചെറിയാണ്ടിരകത്ത് ബീരാൻകുട്ടി എന്നവരിൽ നിന്നും ആർ.ആർ ഓൺലൈൻ പ്രകാരം വസൂലാക്കിയ 29,250/- രൂപ സർക്കാരിന്റെ കോടതി വാറണ്ട് ശീർഷകമായ 0070-01-102-99-00-ലേക്ക് 05.08.2021 തീയതിയിലെ KL007374150202122M നമ്പർ ചലാൻ പ്രകാരം തെറ്റായി അടവാക്കിയിട്ടുള്ളതാണെന്നും പ്രസ്തുത തുക ജീവനാംശം സംബന്ധിച്ചുള്ളതാകയാൽ അന്യായക്കാരന് പണം അടിയന്തരമായി ലഭ്യമാക്കേണ്ടതുണ്ടെന്നും ആയതിനാൽ പ്രസ്തുത തുക റീഫണ്ട് ചെയ്യുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശത്തിലെ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

2] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു.കണ്ണൂർ കുടുംബ കോടതിയുടെ CMP 281/2020 നമ്പർ കേസിന്മേലുള്ള ഉത്തരവ് പ്രകാരം Distress Warrant dues ഇനത്തിൽ കുടിശ്ശികക്കാരനായ ശ്രീ.ചെറിയാണ്ടിരകത്ത് ബീരാൻകുട്ടി എന്നവരിൽ നിന്നും ആർ.ആർ ഓൺലൈൻ പ്രകാരം വസൂലാക്കിയതും സർക്കാരിന്റെ കോടതി വാറണ്ട് ശീർഷകമായ 0070-01-102-99-00-ലേക്ക് തെറ്റായി അടവാക്കിയതുമായ 29,250/- രൂപ (ഇരുപത്തിയൊൻപതിനായിരത്തി ഇരുന്നൂറ്റി അൻപത് രൂപ മാത്രം) റീഫണ്ട് ചെയ്യുന്നതിനുള്ള അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാഹുൽ എ രാജ് കെ എ എസ്
അണ്ടർ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കണ്ണൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (02.03.2024 തീയതിയിലെ Exp-D1/5/2021-Fin പ്രകാരം)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by

Pushpavally B

സെക്ഷൻ ഓഫീസർ

Date: 13-03-2024 11:18:26